പുളിക്കാട് താലൂക്കാശുപത്രി

5(702) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിക്കാട് താലൂക്കാശുപത്രിയിൽ ആവശ്യമായ ജീവനക്കാർ ഇപ്പോഴത്തെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ ജീവനക്കാരെ എന്ന് നിയമിക്കാനാകും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പുളിക്കാട് താലൂക്കാശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ ഒരു അസിസ്റ്റന്റ് സർജന്റെയും ഒരു ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)-യുടെയും രണ്ട് ഗ്രേഡ്-II ആശുപത്രി അറ്റൻഡന്റുമാരുടെയും ഒഴിവുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പി.എസ്.സി. നിയമനം വഴിയോ പഠനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്നവർക്ക് പുനർനിയമനം നൽകുന്നതുവഴിയോ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ളവരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനംവഴി ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ആശുപത്രി അറ്റൻഡന്റിന്റെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുളിക്കാട് താലൂക്കാശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം 5067/എം1/15/ആ.കു.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

സ്ലോക്ക് മാനേജ്മെന്റ് സിസ്റ്റം

6 (703) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ലോക്ക് മാനേജ്മെന്റ് സിസ്റ്റം പ്രവർത്തിച്ചു വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതലാണ് ഇത് പ്രവർത്തിച്ചു തുടങ്ങിയത് ; ഇത് സ്ഥാപിക്കുന്നതിനായി എത്ര രൂപ ചെലവഴിച്ചു;

(സി) സ്ലോക്ക് ബാധിച്ച എത്ര രോഗികൾക്ക് ഇതിലൂടെ ചികിത്സ നൽകാൻ കഴിഞ്ഞു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്റ്റോക്ക് മാനേജ്മെന്റ് സിസ്റ്റം പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ന്യൂറോളജി വിഭാഗവും ജനറൽ മെഡിസിൻ വിഭാഗവും ഇപ്പോൾ സ്റ്റോക്ക് പേഷ്യന്റ്സിനെ ചികിത്സിക്കുന്നുണ്ട്. ദിവസം പത്ത് രോഗികളെങ്കിലും ഈ രീതിയിൽ ചികിത്സതേടി വരുന്നുണ്ട്.

താലൂക്കാശുപത്രി കെട്ടിട നിർമ്മാണം

7(704) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയിലെ പുതിയ കെട്ടിടനിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പുതിയ കെട്ടിടം വരുന്നതോടെ എന്തെല്ലാം സംവിധാനങ്ങളാണ് ആശുപത്രിയിൽ സജ്ജമാവുക എന്ന് വിശദമാക്കാമോ;

(സി) താലൂക്കാശുപത്രിയിൽ ഈ സർക്കാരിന്റെ കാലത്ത് നടന്നിട്ടുള്ള പർച്ചേസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പുതുതായി താലൂക്കാശുപത്രിയിലേയ്ക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിനായി എന്തെങ്കിലും ഉത്തരവുകൾ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പുതിയ കെട്ടിടം വന്നതോടെ ആശുപത്രിയുടെ ഭൗതിക പശ്ചാത്തലം വികസിച്ച സാഹചര്യത്തിൽ താലൂക്കാശുപത്രിയിൽ കൂടുതൽ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും ആശുപത്രിയുടെ നിലവാരം ഉയർത്തുവാനും ഉള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കൊയിലാണ്ടി താലൂക്കാശുപത്രിയിൽ ദിനംപ്രതി വരുന്ന ഒ.പി., ഐ.പി. പരിശോധിക്കുമ്പോൾ പ്രസ്തുത ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തേണ്ട ആവശ്യകത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അതിനാവേണ്ട പ്രാഥമിക നടപടികൾ ഉടനെ സ്വീകരിക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly